ചീഫ് എഞ്ചിനീയറുടെ കാര്യാലയം,ജലസേചനവും ഭരണവും, തിരുവനന്തപുരം

ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം

(ഹാജർ-എം. ശിവദാസൻ.)

വിഷയം :

ജലസേചനം - വിജിലൻസ് - അനധികൃതമായി ജോലിയിൽ നിന്ന് വിട്ട് നിൽക്കുന്ന ശ്രീ.അബുസഹബ്.എം, ഒന്നാം തരം ഓവർസിയറെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:

1. 15/09/23 ലെ സി ഇ ഐ എ/14692/22/വിജി7 നമ്പർ കുറ്റപത്രവും, കുറ്റാരോപണ പത്രികയും

2.16/10/23 ലെ ശ്രീ അബ്ദുസബഹിന്റെ രാജി അപേക്ഷ

3.21/06/2024 ശ്രീ അബ്ദുസബഹിനു ഈ കാര്യാലയത്തിൽ നിന്നും നൽകിയ മറുപടി

4. 21/06/2024 ലെ സി ഇ ഐ എ/4692/22/വിജി7 നം.ഉത്തരവ്

5. 26/12/2024 ലെ ... അന്വേഷണ റിപ്പോർട്ട്

6.30/01/2025 ലെ സി ഇ ഐ എ/4692/22/വിജി 7 നം. കാരണം കാണിക്കൽ നോട്ടീസ്

ഉത്തരവ് നം.CEIA/4692/2022-VIG7 തിയതി - 10-03-2025

ഭവാനി ബേസിൻ ഡിവിഷൻ അഗളി കാര്യാലയത്തിൽ രണ്ടാം തരം ഓവർസിയറായിരുന്ന ശ്രീ.അബുസഹബ്.എം 15 വർഷത്തെ ശൂന്യവേതനാവധിക്കു ശേഷം 12/04/2022 ന് സർവ്വീസിൽ പുന:പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടർന്നു. അവധി കാലയളവിന് ശേഷം ജോലിയിൽ പുന: പ്രവേശിക്കാതെ തുടർന്നതിന് 1960-കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാതിരിക്കാൻ കാരണം കാണിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി. ആയത് ടിയാൻ കൈപ്പറ്റുകയും മറുപടിയായി പരാമർശം (2) പ്രകാരം രാജി സന്നദ്ധത അറിയിക്കുകയും ചെയ്തു. അനധികൃതമായി അവധിയിൽ തുടർന്നുകൊണ്ടുള്ള രാജി അപേക്ഷ സ്വീകരിക്കാൻ കഴിയില്ല എന്ന് പരാമർശം (3) പ്രകാരം ടിയാനെ അറിയിക്കുകയും ചെയ്തു.

തുടർന്ന് 1960 ലെ KCS (CC&A) ചട്ടങ്ങൾ, ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി പരാമർശം (4) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ചു. പരാമർശം (5) പ്രകാരം ലഭിച്ച അന്വേഷണ റിപ്പോർട്ടിൽ ടിയാൾ ഇപ്പോൾ ഗൾഫിൽ ജോലി ചെയ്യുകയാണെന്നും വിദേശത്തെ ജോലി ഒഴിവാക്കി ജലസേചന വകുപ്പിൽ ജോലിയിൽ പ്രവേശിക്കാൻ താത്പര്യമില്ല എന്ന് അഭിപ്രായപ്പെട്ടതായി വ്യക്തമാക്കി.

സർക്കാർ സർവ്വീസിലിരിക്കെ വിദേശത്ത് ജോലിക്കായി ശൂന്യവേതനാവധി എടുക്കുകയും യഥാസമയം ജോലിയിൽ പ്രവേശിക്കാതെ, അവധി അനുമതി ഇല്ലാതെ വിദേശത്ത് ജോലിയിൽ തുടരുകയാണെന്നും അന്വേഷണത്തിൽ ബോധ്യപ്പെട്ടു. ആയത് ടിയാന്റെ ഭാഗത്തു നിന്നുള്ള

ഗുരുതരമായ കൃത്യ വിലോപം ആണ്.

അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1960 ലെ KCS (CC &A) ചട്ടങ്ങൾ പ്രകാരം ടിയാൻ അനധികൃതമായി ഹാജരാകാതിരുന്ന 12/04/2022 മുതൽ ശ്രീ.അബു സബഹ്.എം നെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യാനുള്ള താത്കാലിക തീരുമാനം കൈക്കൊള്ളുകയും ആയത് അറിയിച്ചു കൊണ്ട് പരാമർശം (6) കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം മറുപടി ലഭ്യമായില്ലെങ്കിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ സർക്കാർ സർവ്വീസിൽ നിന്നും 12/04/2022 മുതൽ ടിയാനെ നീക്കം ചെയ്യാനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതാണെന്ന വിവരം നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

കാരണം കാണിക്കൽ നോട്ടീസ് 10/02/2025 ന് ടിയാന് ലഭ്യമാക്കിയെങ്കിലും നാളിതു വരെ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ, നടപടികൾ പൂർത്തിയാക്കി **ഒന്നാം തരം ഓവർസിയറായ ശ്രീ.അബുസബഹ് എം നെ 12/04/2022 മുതൽ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യാനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട്** ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

Signed by Sivadasan M
Date: 10-03-2025 18:14:56

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

Abusahab Mundampockil
Ashy House
Thachampara.P.O
Palakkad - 678593
Ph: 00971551092174
email: asabah2004@yahoo.co.in

പകർപ്പ്:-

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഭവാനി ബേസിൻ ഡിവിഷൻ, അഗളി, പാലക്കാട് -678 581
2. വിജിലൻസ് 8 സെക്ഷൻ
3. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഭരണ വിഭാഗം
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ റ്റി സെൽ to publish in official website